LIBRARY ARCHIVES Kerala Legislative Assembly

100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയ ചെറുകിട ജലസേചന പദ്ധതികൾ

78 [262] ശ്രീ. എം. എ. വാഹിദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽപ്പെടുത്തി സംസ്ഥാനത്ത് എത്ര ചെറുകിട ജലസേചന പദ്ധതികളാണ് പൂർത്തീകരണത്തിന് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഇത് പ്രകാരം മുഴുവൻ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഇനി ഏതൊക്കെ പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതികൾ എന്ന് പൂർത്തീകരിക്കാനാവും എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇരുപത്.

(ബി) 100 ദിവസത്തെ കർമ്മ പരിപാടിയിൽ ചേർത്തിരുന്ന എല്ലാ പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ട്.

(സി ആന്റ് ഡി) ഉദിക്കുന്നില്ല.

വർഷ പദ്ധതി

79 [263] ശ്രീ. ഇ. എം. അഗസ്തി:

,, പി. ജെ. ജോയി:

,, എം. എ. ചന്ദ്രശേഖരൻ:

,, പ്രൊഫ. ഗോപാലകൃഷ്ണൻ:

,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'വർഷ പദ്ധതി' പ്രകാരം എത്ര യൂണിറ്റുകൾ പൂർത്തിയാക്കുവാനാണ് ഉദ്ദേശിച്ചിരുന്നത്;

(ബി) ഇതിൽ എത്ര യൂണിറ്റുകൾ പൂർത്തിയാക്കി;

(സി) ഇവയ്ക്ക് എന്തു തുക ചെലവായി;

(ഡി) ഈ പദ്ധതി പ്രകാരം പുതിയ യൂണിറ്റുകൾ ഏറ്റെടുക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ എത്ര എന്ന് വ്യക്തമാക്കുമോ?